കെട്ടിടങ്ങളുടെ ഉയര നിയന്ത്രണം നഗരത്തിന്റെ സുരക്ഷയ്ക്ക്

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: വിമാനത്താവള അതോറിട്ടിയുടെ എൻ.ഒ.സിയില്ലാതെ റെഡ്സോണിൽ നിർമ്മിച്ച കെട്ടിടങ്ങൾ പൊളിക്കണമെന്ന് നഗരസഭയോട് ആവശ്യപ്പെട്ടിട്ടില്ലെന്ന് വിമാനത്താവള ഡയറക്ടർ ജോർജ് ജി. തരകൻ അറിയിച്ചു. വിമാനത്താവളത്തിനു ചുറ്റും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള എൻ.ഒ.സിയുടെ അപേക്ഷകൾ സ്വീകരിക്കുന്നുണ്ട്. നടപടികൾ പൂർത്തിയാക്കി അനുവദനീയമായ ഉയരത്തിലുള്ള കെട്ടിടങ്ങൾക്ക് എൻ.ഒ.സി അനുവദിക്കും.

കേന്ദ്രസർക്കാരിന്റെയും വ്യോമയാന മന്ത്രാലയത്തിന്റെയും വിജ്ഞാപന പ്രകാരമാണ് ഉയരനിയന്ത്രണത്തിന് മാനദണ്ഡങ്ങളുണ്ടാക്കിയത്. തിരുവനന്തപുരം വിമാനത്താവളത്തിന് ചുറ്റുമുള്ള 20 കിലോമീറ്റർ പ്രദേശത്ത് കെട്ടിടം നിർമ്മിക്കാൻ വിമാനത്താവള അതോറിട്ടിയുടെ എൻ.ഒ.സി ആവശ്യമുണ്ട്. എൻ.ഒ.സി പരിഗണിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ നഗരാസൂത്രണ വിഭാഗമാണ് നിർമ്മാണത്തിന് അനുമതി നൽകേണ്ടത്. അനുവദനീയമായ ഉയരത്തിലാണെന്ന് ഉറപ്പാക്കേണ്ടതും അവരാണ്. തദ്ദേശസ്ഥാപനങ്ങളുടെ ജോലിഭാരം കുറയ്ക്കാനാണ് കളർകോഡിംഗ് സോൺ മാപ്പ് പ്രസിദ്ധീകരിച്ചത്. 2016 ജൂലായിൽ പ്രസിദ്ധീകരിച്ച മാപ്പ് ഈ മാസം പരിഷ്കരിച്ചു. ഈ മാപ്പ് പ്രകാരമാണ് നഗരസഭ നിർമ്മാണത്തിന് അനുമതി നൽകേണ്ടത്. സമുദ്രനിരപ്പിനു മുകളിലുള്ള ഉയരമാണ് മാപ്പിലുള്ളത്. ഭൂമിയുടെ കിടപ്പനുസരിച്ച് ഇത് വ്യത്യാസപ്പെടും. റെഡ്സോണിലുൾപ്പെടെ ഉയരപരിശോധനയ്ക്ക് ശേഷമേ എൻ.ഒ.സി നൽകൂ. റെഡ്സോണിൽ നിർമ്മാണം അനുവദിക്കില്ലെന്നത് തെറ്റിദ്ധാരണയാണ്. അനുവദനീയമായ ഉയരത്തിൽ ഇവിടെ നിർമ്മാണം അനുവദിക്കും. വിമാനത്താവളത്തിന് സമീപമായതിനാൽ ഉയരത്തിൽ ഇളവു നൽകില്ല.

കളർ കോഡഡ് സോൺ മാപ്പിലൂടെ തദ്ദേശസ്ഥാപനങ്ങൾക്ക് നഗരവികസനത്തിന് പദ്ധതിയുണ്ടാക്കാനാകും. www.aai.aero വെബ്സൈറ്റിലെ http://nocas2.aai.aero/nocas ലിങ്കിലൂടെ ഓൺലൈനായി എൻ.ഒ.സിക്ക് അപേക്ഷിക്കാം. വെബ്സൈറ്റിൽ മൊബൈൽ നമ്പരും ഇ-മെയിൽ വിലാസവും നൽകി അപേക്ഷിക്കാം. കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തിന്റെ ഉയരം സംബന്ധിച്ച സാക്ഷ്യപത്രവും സ്ഥലമുടമയുടെ സത്യവാങ്മൂലവും വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യണം. ഇവയുടെ മാതൃക വെബ്സൈറ്റിൽ ലഭ്യമാണ്. സർവേ ഒഫ് ഇന്ത്യ, സി.പി.ഡബ്ല്യു.ഡി, പൊതുമരാമത്ത് വകുപ്പ്, സർക്കാർ വകുപ്പുകൾ, തദ്ദേശ സ്ഥാപനങ്ങളിലെ അംഗീകൃത സർവേയർമാർ, എൻജിനിയർമാർ എന്നിവരിൽ നിന്നുള്ള സാക്ഷ്യപത്രം സ്വീകരിക്കും. ഒരു ഏജൻസിയെയും സർവേയറെയും സാക്ഷ്യപത്രം നൽകാനായി എയർപോർട്ട് അതോറിട്ടി ചുമതലപ്പെടുത്തിയിട്ടില്ല. എൻ.ഒ.സി നൽകുന്നതിന് ഫീസും ഈടാക്കുന്നില്ല. അപേക്ഷ സമർപ്പിച്ച് 15 ദിവസത്തിനകം എൻ.ഒ.സി നൽകും.

അനുവദനീയമായ ഉയരത്തിൽ കൂടുതലുള്ള കെട്ടിടങ്ങളുടെ എൻ.ഒ.സി അപേക്ഷകൾ സ്വീകരിച്ചിരുന്നില്ല. ചീഫ്സെക്രട്ടറിയുടെ ആവശ്യത്തെ തുടർന്ന് ഇവ സ്വീകരിച്ച് പുനഃപരിശോധന നടത്തുന്നുണ്ട്. നേരത്തേ നിർമ്മിച്ച കെട്ടിടങ്ങളുടെ കാര്യത്തിലും ഇതുണ്ടാകും. അനുവദിക്കാവുന്ന ഉയരത്തിലാണെങ്കിൽ ഇവയ്ക്കും എൻ.ഒ.സി നൽകണമെന്ന് ചീഫ്സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്.

തിരുവനന്തപുരം വിമാനത്താവളത്തിലെ ലാൻഡിംഗ്

‘മണിക്കൂറിൽ 850 കിലോമീറ്റർ വേഗത്തിലാണ് വിമാനങ്ങൾ ലാൻഡിംഗ് അപ്രോച്ച് ചെയ്യുന്നത്. അഞ്ച് സെക്കൻഡ് കൊണ്ട് രണ്ട് കിലോമീറ്റർ ദൂരം താഴേക്കുവരും. 600 - 700 കിലോമീറ്റർ വേഗത്തിലാണ് ലാൻഡിംഗ്. ഇതിനിടയിലെ ചെറിയ തടസം പോലും അപകടകരമാണ്’.

-ജോർജ് ജി. തരകൻ
വിമാനത്താവളം ഡയറക്ടർ

510 വിമാനങ്ങൾക്ക് സിഗ്നൽ തടസപ്പെടും

നിത്യേന 110 സർവീസുകളാണ് വിമാനത്താവളത്തിലുള്ളത്. വിമാനത്താവളത്തിലെ ഏരിയ കൺട്രോൾ സെന്റർ നിത്യേന ഇതുവഴി പറക്കുന്ന 400 വിമാനങ്ങളും നിയന്ത്രിക്കുന്നുണ്ട്. മാലിദ്വീപ്, കൊളംബോ വരെയുള്ള വിമാനങ്ങളെ നിയന്ത്രിക്കുന്നുണ്ട്. ഗതിനിർണയത്തിനും നിരീക്ഷണത്തിനുമുള്ള റഡാറുകൾ ലൈൻ ഒഫ് സൈറ്റ് സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. ഇവയിൽ നിന്നുള്ള ഇലക്ട്രോമാഗ്നറ്റിംഗ് സിഗ്നലുകൾക്ക് ഉയരമുള്ള കെട്ടിടങ്ങൾ തടസമുണ്ടാക്കും. വിമാനങ്ങളുടെയും നഗരത്തിന്റെയും സുരക്ഷയിൽ വിട്ടുവീഴ്ച ചെയ്യാനാവില്ലെന്നും ഡയറക്ടർ ജോർജ് ജി. തരകൻ അറിയിച്ചു.

ഉയര നിയന്ത്രണം സുരക്ഷ ഉറപ്പാക്കാൻ

വിമാനങ്ങളുടെ സുരക്ഷിത ലാൻഡിംഗിനും ടേക്ക് ഓഫിനുമായാണ് കെട്ടിടങ്ങളുടെ ഉയരപരിധി നിശ്ചയിച്ച് എൻ.ഒ.സി നിർബന്ധമാക്കിയത്. 120 നോട്ടിക്കൽ മൈൽ (222.25 കിലോമീറ്റർ) അകലെയും, 35000 അടി ഉയരത്തിൽ നിന്നുമാണ് തിരുവനന്തപുരം വിമാനത്താവളത്തിലേക്ക് ലാൻഡിംഗിനെത്തുന്നത്. മൂന്ന് ഡിഗ്രി ചരിവിലാണ് ലാൻഡിംഗിനടുക്കുന്നത്. വള്ളക്കടവ് ഭാഗത്ത് ലാൻഡിംഗിനെത്തുന്ന വിമാനങ്ങൾ റൺവേയ്ക്ക് 14 കിലോമീറ്റർ അകലെ (വിഴിഞ്ഞത്തിനു മുകളിൽ) വച്ചുതന്നെ താഴ്ന്നുതുടങ്ങണം. വേളി ഭാഗത്താണ് ലാൻഡിംഗ് എങ്കിൽ കഴക്കൂട്ടത്തു വിമാനം താഴ്ന്നു തുടങ്ങും. ഈ സമയം വിമാനത്തിന്റെ സുരക്ഷാപാതയിൽ തടസങ്ങളുണ്ടാകാൻ പാടില്ല. എൻജിൻ തകരാർ അടക്കമുള്ള സാങ്കേതിക പ്രശ്നങ്ങളുണ്ടാകുമ്പോൾ താഴ്ന്ന ഉയരത്തിൽ ചുറ്റിയാണ് എമർജൻസി ലാൻഡിംഗ് നടത്തേണ്ടത്.

റെഡ് സോണിൽ വീടുവയ്ക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി നഗരസഭ

തിരുവനന്തപുരം: കേന്ദ്ര - സംസ്ഥാന ഭവന പദ്ധതികളിൽ റെഡ് സോണിൽ ഒരു നില കെട്ടിടം പണിയുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണത്തിൽ ഇളവു തേടുമെന്ന് മേയർ വി.കെ. പ്രശാന്ത് അറിയിച്ചു. കളർ കോഡഡ് മാപ്പിലെ അവ്യക്തതകൾ പൂർണമായി നീക്കുന്നതിന് വിമാനത്താവള അതോറിട്ടിയുടെ യോഗം വിളിച്ചുചേർക്കുമെന്നും നഗരസഭാ കൗൺസിൽ യോഗത്തിൽ അദ്ദേഹം അറിയിച്ചു.

പേട്ട വാർഡ് കൗൺസിലർ ഡി. അനിൽകുമാറാണ് തീരദേശവാസികളുടെ വികാരം കൗൺസിൽ യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. കെട്ടിട നിർമാണത്തിന് ഏർപ്പെടുത്തിയ നിയന്ത്രണം കാരണം പാവപ്പെട്ടവർക്ക് വീടു നിർമിക്കാൻ കഴിയാത്ത അവസ്ഥയാണെന്ന് അനിൽകുമാർ ചൂണ്ടിക്കാട്ടി. വീടു നിർമാണത്തിന് പെർമിറ്റ് നല്കിയ സ്ഥിതിക്ക് നിർമാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് ടി.സി നമ്പർ അനുവദിക്കാൻ കൗൺസിൽ തീരുമാനിക്കണമെന്ന് ശംഖുംമുഖം കൗൺസിലർ സോളമൻ വെട്ടുകാടും ആവശ്യപ്പെട്ടു. പി.എം.എ വൈ ഗുണഭോക്താക്കൾക്ക് എയർപോർട്ട് അതോറിട്ടിയുടെ എൻ.ഒ.സിയില്ലാതെ കെട്ടിട നിർമാണത്തിന് അനുമതി നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. യു.ഡി.എഫിലെ പീറ്റർ സോളമൻ, ബി.ജെ.പിയിലെ എം.ആർ. ഗോപൻ എന്നിവരും വിഷയം ഉന്നയിച്ചു. നഗരസഭയുടെ ലൈഫ് പദ്ധതി നടത്തിപ്പിൽ വ്യക്തമായ ധാരണയില്ലെന്ന് പ്രതിപക്ഷ കൗൺസിലർ ഗിരികുമാർ ആരോപിച്ചു. എന്നാൽ പദ്ധതി ഉദ്ദേശിക്കുന്ന പാതയിലൂടെ തന്നെയാണ് മുന്നോട്ടു പോകുന്നതെന്നും മറ്റ് ആരോപണങ്ങളുടെ ആവശ്യമില്ലെന്നും മേയർ പറഞ്ഞു.

ലൈസൻസ് ഫീസ് ഉയർത്തി

വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് കുത്തനെ വർദ്ധിപ്പിക്കാൻ കൗൺസിൽ യോഗം തീരുമാനിച്ചു. ബി.ജെ.പി വിയോജിപ്പ് രേഖപ്പെടുത്തിയപ്പോൾ യു.ഡി.എഫ് അനുകൂലിച്ചു. നൂറ് ശതമാനം വർദ്ധനയാണ് വരുത്തിയത്.

1990ന് ശേഷം ആദ്യമായാണ് ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുന്നതെന്ന് ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീകുമാർ പറഞ്ഞു. 2011ൽ ഫീസ് വർദ്ധന നടപ്പിലാക്കാൻ സർക്കാർ അനുമതി നൽകിയെങ്കിലും നഗരസഭ നടപടികൾ സ്വീകരിച്ചിരുന്നില്ല. നികുതി വരവിലെ നഷ്ടം നികത്താനാണ് വർദ്ധന ഏർപ്പെടുത്തിയത്. നഗരത്തെ എ, ബി, സി എന്നിങ്ങനെ മൂന്ന് സോണുകളായി വിഭജിച്ചാണ് വർദ്ധന നടപ്പിലാക്കിയത്.

എ വിഭാഗത്തിൽപ്പെട്ടവർക്ക് കൂടുതൽ നികുതി നൽകേണ്ടി വരും. ഫൈവ് സ്റ്റാർ ഹോട്ടലുകൾക്കാണ് കൂടിയ നിരക്ക്. 40,000 രൂപ പ്രതിവർഷം ലൈസൻസ് ഫീ നൽകണം.

അറസ്റ്റുചെയ്ത യുവാക്കളെ മർദ്ദിച്ചെന്നാരോപിച്ച് ബി.ജെ.പി പ്രവർത്തകർ കരമന പൊലീസ് സ്റ്റേഷൻ ഉപരോധിച്ചപ്പോൾ

പ്രതികളെ മർദ്ദിച്ചു: ബി.ജെ.പി പ്രവർത്തകർ കരമന പൊലീസ് സ്റ്റേഷൻ ഉപരോധിച്ചു

തിരുവനന്തപുരം: അറസ്റ്റു ചെയ്ത പ്രവർത്തകരെ പൊലീസ് മർദ്ദിച്ചെന്നാരോപിച്ച് ബി.ജെ.പി കൗൺസിലർമാരുടെ നേതൃത്വത്തിൽ ഇന്നലെ രാത്രി കരമന സ്റ്റേഷൻ ഉപരോധിച്ചു. ഡി.വൈ.എഫ്.ഐ പ്രവർത്തകന്റെ ആട്ടോറിക്ഷ കത്തിച്ചതുമായി ബന്ധപ്പെട്ട് കൈമനം അമ്പനാട് സ്വദേശികളായ അനീഷ് (25), അരുൺ (21) എന്നിവരെയാണ് രാവിലെ പിടികൂടിയത്. ഇവർ കുറ്റം സമ്മതിക്കുകയും ചെയ്തു. എന്നാൽ വൈകിട്ട് ഇരുവരെയും സി.പി.എം പ്രവർത്തകരുടെ മുന്നിൽ വച്ച് കരമന എസ്.ഐ ശ്രീകാന്ത് മർദ്ദിച്ചെന്നാണ് ആരോപണം. സ്റ്റേഷനിലെത്തിയ കൗൺസിലർമാരായ ആശാനാഥ്, കരമന ഗോപൻ എന്നിവരെ പൊലീസ് കൈയേറ്റം ചെയ്യാൻ ശ്രമിച്ചെന്നും ബി.ജെ.പി പ്രവർത്തകർ ആരോപിച്ചു. മർദ്ദനത്തിനിരയായവരെ രാത്രി ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചതോടെ ഉപരോധം അവസാനിച്ചു. അതേസമയം പ്രതികളെ മർദ്ദിച്ചിട്ടില്ലെന്ന് കരമന എസ്.ഐ പറഞ്ഞു.

നഗരത്തിൽ ഫുട്ബാൾ ആവേശം വിതറി ഘോഷയാത്ര

തിരുവനന്തപുരം: റഷ്യയിൽ ഫുട്ബാൾ ലോകകപ്പിന് പന്തുരുളും മുമ്പെ ആവേശം തലസ്ഥാനത്തും ആവശം നിറഞ്ഞു. സ്പോർട്സ് കൗൺസിലും യുവജനക്ഷേമ ബോർഡും ചേർന്ന് ഒരുക്കിയ ലോകകപ്പ് ഫുട്ബോൾ വരവേൽപ്പാണ് കളിയാരാധനയുടെ ഉത്സവകാഴ്ചയായത്. മെസി, ക്രിസ്റ്റ്യാനോ റൊണാൾഡോ, നെയ്മർ. ഹൃദയത്തിലേറ്റിയ താരങ്ങളുടെ മുഖംമൂടി അണിഞ്ഞാണ് തലസ്ഥാനത്തെ കളിആരാധകർ ലോകകപ്പ് വരവേൽപ്പിന് അണിനിരന്നത്. അർജന്റീന, ബ്രസീൽ, ജർമനി, ഇംഗ്ലണ്ട്, സ്പെയിൻ, ക്രൊയേഷ്യ ഉൾപ്പെടെ ലോകകപ്പിനായി മാറ്റുരക്കുന്ന ടീമുകളുടെ ജേഴ്സിയും അവർ അണിഞ്ഞിരുന്നു. മാനവീയം വീഥിയിൽ നിന്നും ഘോഷയാത്രയായി സെൻട്രൽ സ്റ്റേഡിയത്തിലേക്ക്. ഘോഷയാത്രയുടെ വരവറിയിച്ച് ആദ്യം നീങ്ങിയത് റോളർ സ്കേറ്റിങ് സംഘം. പിന്നാലെ ചെണ്ടമേളക്കാർ. പിന്നിൽ ലോകകപ്പിന്റെ മാതൃക ഉയർത്തി കളിയാരാധകർ. ടീമുകളിൽ ആദ്യം അണിനിരന്നത് ആതിഥേയരായ റഷ്യൻ ടീം. പിന്നാലെ ഫിഫ റാങ്കിംഗിലെ ആദ്യ സ്ഥാനക്കാരായ ജർമനി. തുടർന്ന് റാങ്കനുസരിച്ച് മറ്റു ടീമുകൾ. സെൻട്രൽ സ്റ്റേഡിയത്തിൽ മന്ത്രി എ.സി. മൊയ്തീൻ വരവേല്പ് യോഗം ഉദ്ഘാടനം ചെയ്തു. സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി.പി. ദാസൻ അദ്ധ്യക്ഷനായിരുന്നു. കേരളത്തിന്റെ മുൻ അന്തർദേശീയ ഫുട്ബോൾ താരങ്ങളും പരിശീലകരുമായ ഗബ്രിയേൽ ജോസഫ്, പി വി ജോർജ്, അപ്പുക്കുട്ടൻ നായർ, നജ്മുദീൻ, ഷാജി സി ഉമ്മൻ, രാഘവൻ നായർ എന്നിവരെ മന്ത്രി കടകംപള്ളി സുരേന്ദ്രൻ ആദരിച്ചു. ജോൺ സാമുവൽ രചിച്ച ‘ലോകകപ്പിന്റെ 500 ദിനങ്ങൾ‘ പുസ്തകങ്ങൾ മന്ത്രി എ. സി മൊയ്തീൻ പ്രകാശനം ചെയ്തു. കിലെ ചെയർമാൻ വി ശിവൻകുട്ടി ഏറ്റുവാങ്ങി. കായിക സെക്രട്ടറി ബി. അശോക്, കായിക ഡയറക്ടർ സഞ്ജയൻകുമാർ, യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ പി. ബിജു, ഡി. മോഹനൻ എന്നിവർ സംസാരിച്ചു.

ബാലികയെ പീഡിപ്പിച്ച ഇതരസംസ്ഥാന തൊഴിലാളിക്ക് കഠിനതടവ്

തിരുവനന്തപുരം: പതിനഞ്ചുകാരിയെ പീഡിപ്പിച്ച് ഗർഭിണിയാക്കിയ അന്യസംസ്ഥാന തൊഴിലാളി വിഭൂതി അധികാരിയെ കോടതി പത്തു വർഷം കഠിന തടവിനും രണ്ട് ലക്ഷം രൂപ പിഴയ്ക്കും ശിക്ഷിച്ചു. പിഴ ഒടുക്കിയില്ലെങ്കിൽ രണ്ട് വർഷം അധിക തടവ് അനുഭവിക്കണം. പോക്സോ കോടതിയുടേതാണ് ഉത്തരവ്.

പെൺകുട്ടിയുടെ വീടിനടുത്തുള്ള പാറക്വാറിയിലാണ് ഇയാൾ ജോലി ചെയ്തിരുന്നത്. വിവാഹിതനും രണ്ട് കുട്ടികളുടെ പിതാവുമാണെന്ന കാര്യം മറച്ചുവച്ചാണ് ഇയാൾ പെൺകുട്ടിയോട് സ്നേഹം നടിച്ചത്. വീട്ടിൽ ആരും ഇല്ലാത്ത സമയത്താണ് ഇയാൾ പെൺകുട്ടിയെ പീഡിപ്പിച്ചത്. ഗർഭിണിയായ പെൺകുട്ടിയെ ഗർഭച്ഛിദ്രത്തിന് വിധേയയാക്കുകയും ചെയ്തു. ഡി.എൻ.എ പരിശോധനയിലൂടെയാണ് പിതൃത്വം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടത്. 2015 ലാണ് അരുവിക്കര പൊലീസ് പ്രതിക്കെതിരെ കുറ്റപത്രം നൽകിയത്.

ശ്രീപത്മനാഭ തിയേറ്റർ നാളെ തുറക്കും

തിരുവനന്തപുരം: അഗ്നിബാധയെ തുടർന്ന് അടച്ചിട്ട ശ്രീപത്മനാഭ തിയേറ്റർ നാളെ തുറക്കും. ശനിയാഴ്ച മുതൽ സിനിമാ പ്രദർശനം പതിവു പോലെ നടക്കും. മമ്മൂട്ടി ചിത്രമായ അബ്രഹാമിന്റെ സന്തതികൾ ആണ് പുതുക്കിയ തിയേറ്ററിലെ ആദ്യ റിലീസ് ചിത്രം.

ജനവരി 25നായിരുന്നു അഗ്നിബാധ. തുടർന്ന് അറ്റകുറ്റപ്പണി പൂർത്തിയാക്കി ആധുനിക ശബ്ദ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയ ശേഷമാണ് വീണ്ടും തുറക്കുന്നത്. നാളെ വൈകിട്ട് നാലിന് ക്ഷണിക്കപ്പെട്ട സദസിനു മുന്നിൽ ഏതാനും ട്രെയിലറുകൾ പ്രദർശിപ്പിക്കും. ശനിയാഴ്ച മുതൽ പതിവുപോലെ പ്രദർശനം നടക്കുമെന്ന് ഉടമ ഗിരീഷ്കുമാർ അറിയിച്ചു.

സിറ്റി കൗമുദിയിൽ

- വിദ്യാലയത്തിന് അവഗണനയുടെ കയ്പുനീർ
- ആവേശത്തിന്റെ ഫുട്ബാൾ ആരവം
- കാത്തിരിപ്പ് കേന്ദ്രത്തെ അധികൃതർ കാണുന്നില്ലേ,

സൗജന്യ നേത്രപരിശോധനാ ക്യാമ്പ്

കോവളം: ഐ.എം.എ നമ്മുടെ ആരോഗ്യം ക്ലബ്, വാഴമുട്ടം ഗവ.ഹൈസ്കൂൾ, കോവളം ജനമൈത്രി പൊലീസ് സ്റ്റേഷൻ, എസ്.പി.സി, സുകൃതം പാലിയേറ്റീവ് കെയർ യൂണിറ്റ് മുട്ടയ്ക്കാട് എന്നിവയുടെ ആഭിമുഖ്യത്തിൽ ഡോ. അഗർവാൾസ് കണ്ണാശുപത്രിയുടെ സഹകരണത്തോടെ ഞായറാഴ്ച രാവിലെ 9.30ന് വാഴമുട്ടം ഗവ. ഹൈസ്കൂൾ ആഡിറ്റോറിയത്തിൽ സൗജന്യ നേത്രപരിശോധനാ ക്യാമ്പ് സംഘടിപ്പിക്കുന്നു. ക്യാമ്പ് വിഴിഞ്ഞം പൊലീസ് എസ്.എച്ച്.ഒ എൻ.ഷിബു ഉദ്ഘാടനം ചെയ്യും. ക്യാമ്പിൽ പങ്കെടുക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 9495747148, 7907359909

പഠനക്ലാസ്

തിരുവനന്തപുരം : ശ്രീനാരായണ ഗുരുവിന്റെ ആത്മോപദേശ ശതകത്തെപ്പറ്റിയുള്ള ഗുരു മുനിനാരായണ പ്രസാദിന്റെ വ്യാഖ്യാനം 40 പദ്യങ്ങൾ പൂർത്തിയായി. ഡോ. എസ്.കെ. രാധാകൃഷ്ണനാണ് ക്ലാസ് നയിക്കുന്നത്. പേട്ട പള്ളിമുക്കിലെ ഗുരു ബുക്ക് സെന്റർ (തോപ്പിൽ വീട്) എല്ലാ വ്യാഴാഴ്ചയും വൈകിട്ട് 5.30 മുതൽ 7 മണിവരെയാണ് ക്ലാസ്. പ്രത്യേക ഫീസ് ഇല്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 9633438005. കെ. സുലോചനന്റെ ഗുരുകൃതി പാരായണവും ഉണ്ടായിരിക്കുന്നതാണ്. കഴിഞ്ഞ 40 പദ്യങ്ങളെപ്പറ്റിയുള്ള ഉപന്യാസ രചനയും ചർച്ചയും ഉണ്ടായിരിക്കുമെന്ന് കൺവീനർ എസ്. ശ്രീകണ്ഠൻ അറിയിച്ചു.

അരിയോട്ടുകോണം ശാഖ

പോത്തൻകോട്: എസ്.എൻ.ഡി.പി യോഗം അരിയോട്ടുകോണം ശാഖ ഭാരവാഹികൾ, വനിതസംഘം ഭാരവാഹികൾ, മൈക്രോ യൂണിറ്റ് കൺവീനർ, ജോയിന്റ് കൺവീനർ എന്നിവരുടെ സംയുക്ത യോഗം ശാഖാ ഓഫീസിൽ കൂടി. ശാഖാപ്രസിഡന്റ് കെ. സുകുമാരൻ അദ്ധ്യക്ഷത വഹിച്ച യോഗം ചെമ്പഴന്തി ഗുരുകുലം യൂണിയൻ വനിതാസംഘം പ്രസിഡന്റ് വി. പത്മിനി ഉദ്ഘാടനം ചെയ്തു. ശാഖയൂണിയൻ പ്രതിനിധി പോത്തൻകോട് ഗോപൻ സ്വാഗതം പറഞ്ഞു. വനിതാസംഘം യൂണിയൻ സെക്രട്ടറി ശുഭ, ശാഖാസെക്രട്ടറി സോമനാഥൻ, അയ്യപ്പൻ, സുരേന്ദ്രൻ, സുധൻ, ശശിധരൻ എന്നിവർ സംസാരിച്ചു. വനിതാസംഘം വൈസ് പ്രസിഡന്റ് അനുപമ ആർ. ബാബു നന്ദി പറഞ്ഞു.

വിശേഷാൽ സമൂഹ ഗണപതിഹവനം

തിരുവനന്തപുരം : കിഴക്കുംകര കുഴിവിളാകത്ത് തമ്പുരാൻ ക്ഷേത്രത്തിൽ എല്ലാ മലയാള മാസം ഒന്നാം തീയതിയും നടത്തിവരുന്ന വിശേഷാൽ സമൂഹ ഗണപതി ഹവനം ഭക്തജനങ്ങളുടെ സാന്നിദ്ധ്യത്തിൽ മിഥുനം ഒന്നിന് രാവിലെ 10ന് ക്ഷേത്രശാന്തി സൗമിത്രന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തുന്ന വിവരം ക്ഷേത്ര സെക്രട്ടറി കെ.പി. ശൈലചന്ദ്രൻ അറിയിച്ചു.

അനുസ്മരണം

തിരുവനന്തപുരം : ജി. കമലമ്മ ടീച്ചറുടെ 6-ാം ചരമവാർഷികത്തോടനുബന്ധിച്ച് ആശാൻ അക്കാഡമി 16ന് കനകക്കുന്ന് ശ്രീനാരായണഗുരു വിശ്വസാംസ്കാരികഭവൻ ആഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്ന അനുസ്മരണ സമ്മേളനം കെ. മുരളീധരൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യും. പി. നാരായണകുറുപ്പ്, ഡോ. എം.ആർ. തമ്പാൻ, പെരുമ്പുഴ ഗോപാലകൃഷ്ണൻ, സജീവ് കൃഷ്ണൻ, പ്രൊഫ. ജെ. ചന്ദ്ര, പ്രൊഫ. എം.ആർ. സഹൃദയൻ തമ്പി, ഒ.പി. വിശ്വനാഥൻ, പൂതംകോട് റ്റി.വി. ശശികുമാർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിക്കും. ജി. കമലമ്മ മെമ്മോറിയൽ വിദ്യാഭ്യാസ അവാർഡ് എസ്.ആർ. ഗോപിക (ഗവ. എച്ച്.എസ്.എസ് ഗേൾസ് ഹൈസ്കൂൾ, പേരൂർക്കട), നന്ദന സന്തോഷ് (ഗവ. ഗേൾസ് എച്ച്.എസ്. പേരൂർക്കട), അലക്സ് സ്കറിയ ജോർജ് (പി.എസ്.എൻ.എം. എച്ച്.എസ്.എസ്), നൗഫൽ എസ്.എം. (പി.എസ്.എൻ.എം എച്ച്.എസ്. പേരൂർക്കട) എന്നിവരെ ചടങ്ങിൽ അനുമോദിക്കും.

റംസാൻ റിലീഫ് ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: മുസ്ലിംലീഗിന്റെ പാളയം വാർഡ് കമ്മിറ്റി സംഘടിപ്പിച്ച റംസാൻ റിലീഫ് നന്ദാവനം ജില്ലാ ലീഗ് ഓഫീസിൽ പി. ഉബൈദുള്ള എം.എൽ.എ ഉദ്ഘാടനം ചെയ്തു. എ. കമാലുദ്ദീൻ അദ്ധ്യക്ഷനായിരുന്നു. എം.എം. യാക്കൂബ്, എം.കെ. അഷറഫുദ്ദീൻ, പി. ജലാലുദ്ദീൻ, പൂക്കട ജലാലുദ്ദീൻ, എ. അബൂബേക്കർ സാഹിബ്, പാളയം ഫിറോസ് എന്നിവർ പങ്കെടുത്തു. പാവപ്പെട്ടവർക്ക് ധാന്യ വിതരണവും നടത്തി.

ജനശ്രീ വായ്പാ വിതരണം

തിരുവനന്തപുരം : ജനശ്രീ വെൺപാലവട്ടം യൂണിറ്റിന് കനറാ ബാങ്ക് പേട്ട ശാഖയിൽ നിന്ന് അനുവദിച്ച 3 ലക്ഷം രൂപ യൂണിറ്റിലെ അംഗങ്ങൾക്ക് ഡി.സി.സി വൈസ് പ്രസിഡന്റ് കടകംപള്ളി ഹരിദാസ് വിതരണം ചെയ്തു. യോഗത്തിൽ ഭാരവാഹികളായ വിദ്യാനന്ദൻ, രാഗിണി രാജേന്ദ്രൻ, സത്യഷീല എന്നിവർ പങ്കെടുത്തു.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 3, 9, 12

സെന്റ് സേവിയേഴ്സ് കോളേജിൽ തീരദേശ ഗവേഷണ പഠനകേന്ദ്രം സ്ഥാപിക്കും: മന്ത്രി മേഴ്സിക്കുട്ടിഅമ്മ

കഴക്കൂട്ടം: തുമ്പ സെന്റ് സേവിയേഴ്സ് കോളേജിൽ തീരദേശ ഗവേഷണ പഠനകേന്ദ്രം നടപ്പിലാക്കുമെന്ന് മന്ത്രി മേഴ്സിക്കുട്ടി അമ്മ പറഞ്ഞു. സെന്റ് സേവേഴ്സ് കോളേജിൽ ഡോ. സമ്പത്ത് എം.പിയുടെ ശ്രമഫലമായി വിദ്യാർത്ഥിനികൾക്ക് നിർമ്മിച്ച വിശ്രമകേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

പദ്ധതി നടപ്പിലാക്കുന്നതിന് എല്ലാ സഹായങ്ങളും വിദ്യാഭ്യാസ വകുപ്പ് നൽകുമെന്ന് ആഡിറ്റോറിയത്തിന്റെ നിർമ്മാണോദ്ഘാടനം നിർവഹിച്ചു കൊണ്ട് മന്ത്രി സി. രവീന്ദ്രനാഥ് പറഞ്ഞു. കോളേജിന്റെ മാസ്റ്റർപ്ലാൻ ഡെപ്യൂട്ടി സ്പീക്കർ വി. ശശി മന്ത്രി രവീന്ദ്രനാഥിന് കൈമാറി. കോളേജിൽ നിന്നു അന്തർദ്ദേശിയ തലത്തിൽ മികവ്കാട്ടിയ വിദ്യാർത്ഥികളെയും കഠിനംകുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്നു ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കും വി. ശശി ഉപഹാരങ്ങൾ നൽകി ആദരിച്ചു.

ഡോ. എ. സമ്പത്ത് എം.പി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ തിരുവനന്തപുരം അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് അനുഗ്രഹീത പ്രഭാഷണം നടത്തി. പ്രിൻസിപ്പൽ ഫാ. ഡോ. വി.വൈ. ദാസപ്പൻ എസ്.ജെ, എസ്.ബി ഐ സി.ജി.എം എസ്. വെങ്കട്ടരാമൻ, കോളേജ് മാനേജർ റവ. ഫാ.അഡ്വ. പയസ് വാച്ചാപ്പറമ്പിൽ എസ്.ജെ, മുൻ ഡി.ജി.പി ജേക്കബ് പുന്നൂസ്, കഠിനംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. ഫെലിക്സ്, ജില്ലാ പഞ്ചായത്ത് അംഗം എം. ജലീൽ തുടങ്ങിയവർ പങ്കെടുത്തു.

വിശ്രമകേന്ദ്രത്തിന്റെ ഉദ്ഘാടനം മന്ത്രി മേഴ്സിക്കുട്ടിഅമ്മ നിർവഹിക്കുന്നു. മന്ത്രി സി. രവീന്ദ്രനാഥ്, ഡെപ്യൂട്ടി സ്പീക്കർ വി. ശശി, ഡോ. എ. സമ്പത്ത് എം.പി, പ്രിൻസിപ്പൽ ഫാ.ഡോ. വി.വൈ. ദാസപ്പൻ, തിരുവനന്തപുരം അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്, മുൻ ഡി.ജി.പി ജേക്കബ് പുന്നൂസ്, എസ്.ബി ഐ സി.ജി.എം എസ്. വെങ്കട്ടരാമൻ, കോളേജ് മാനേജർ ഫാ.അഡ്വ.പയസ് വാച്ചാപ്പറമ്പിൽ, കഠിനംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. ഫെലിക്സ്, ജില്ലാ പഞ്ചായത്ത് അംഗം എം. ജലീൽ എന്നിവർ സമീപം

ആർ.സി.സിയിലെ 60 കുട്ടികൾക്ക്
വാവ സുരേഷിന്റെ സ്നേഹസഹായം
വലയിൽ കുരുങ്ങിയ പെരുമ്പാമ്പിനെ പിടികൂടുന്ന കാഴ്ച
CHEMMANUR INTERNATIONAL JEWELLERS
SNAKE MASTER
Presented By
smartshoppi
KaumudyTV
ഇന്ന് രാത്രി 7:35ന് നമ്മുടെ കൗമുദി ടിവിയിൽ
വ്യവസായ വാണിജ്യ രംഗത്തെ പുതുസ്പന്ദനങ്ങളുമായി
Kaumudy BUSINESS NEWS
TODAY 8:00PM
Powered by
NATIONAL HEALTH MISSION
ആരോഗ്യകേരളം
Kaumudy TV - Channel Position Numbers
videocon 613
airtel 839
TATA Sky 1845
ZING 713
35
DEN 612
108
ACV 116
For Advertisement North Zone - 9946108315 | Central Zone - 9946108251 | South Zone - 9995463872
www.kaumudy.tv
www.youtube.com/kaumudy
Contact - 9946103729